# കേരള ഗവണ്മെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘം

ക്ലിപ്തം നമ്പർ റ്റി. 732


0471 2518714, 2518993, 8075540464, നിയമസഭ: 0471 2512583
Email : sectthousco@gmail.com Website : secretariathousco.com


## സാന്ത്വന സുരക്ഷയുമായി ഹൗസ്കോ കെയർ ഹോം

2025 ഡിസംബർ 23 ചൊവ്വാഴ്ച ഉച്ചയ്ക്ക് 1.30 ന്

സെന്റ് പീറ്റേഴ്സ് ജാക്കോബൈറ്റ് സിറിയൻ ചർച്ച് ഹാൾ






ബഹു. പ്രതിപക്ഷ നേതാവ്

ശ്രീ. വി. ഡി. സതീശൻ

നിർവ്വഹിക്കുന്നു



## താക്കോൽ ദാനം

## കേരള ഗവണ്മെന്റ് സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘം

# സാന്ത്വന സുരക്ഷയുമായി ഹൗസ്കോ കെയർ ഹോം

പ്രിയ സഹകാരികളെ,

സംഘാംഗങ്ങൾക്കായി ഗവ. സെക്രട്ടേറിയറ്റ് സ്റ്റാഫ് ഹൗസിംഗ് സഹകരണ സംഘം ആവിഷ്കരിച്ച നൂതന സാന്ത്വന സുരക്ഷാ പദ്ധതിയാണ് ഹൗസ്കോ കെയർ ഹോം. ഈ പദ്ധതി പ്രകാരം സംഘത്തിലെ ഭവനരഹിതരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ശാരീരിക വെല്ലുവിളി നേരിടുന്നവരുമായ എ – ക്ലാസ് അംഗങ്ങളിൽ അർഹരായവർക്ക് സംഘം സ്വന്തം ചെലവിൽ വീടു നിർമ്മിച്ചു നൽകുന്നു. ഈ പദ്ധതിയ്ക്ക് ആദ്യമായി അർഹനായത് പൊതുഭരണ വകുപ്പിലെ ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ. സതീഷ് കുമാർ. റ്റി ആണ്. 2018 – ൽ സംഭവിച്ച അപകടത്തെ തുടർന്ന് നട്ടെല്ലിന് ഗുരുതരമായി പരിക്കേൽക്കുകയും ദീർഘകാലമായി ശയ്യാവലംബനായി ചികിത്സയിൽ തുടരുന്ന ഇദ്ദേഹം ഇന്ന് ജീവിതം കഴിച്ചുകൂട്ടുന്നത് വീൽ ചെയറിലാണ്.

തൊഴിൽ രഹിതയായ ഭാര്യയും വിദ്യാർത്ഥികളായ രണ്ടു പെൺമക്കളും അടങ്ങുന്ന കുടുംബത്തിന്റെ അത്താണി ശയ്യാവലംബനായതോടെ ജീവിതം തന്നെ വഴി മുട്ടുന്ന അവസ്ഥയിലാണ് സംഘത്തിന്റെ കൈത്താങ്ങ് ഹൗസ്കോ കെയർ ഹോം രൂപത്തിൽ സാക്ഷാത്കരിക്കുന്നത്. സംഘാംഗത്തിന് ഇത്തരമൊരു കരുതൽ പ്രദാനം ചെയ്യാൻ കഴിഞ്ഞതിൽ ഹൗസ്കോയ്ക്ക് അതീവമായ ചാരിതാർത്ഥ്യമുണ്ട്.

കാട്ടാക്കട താലൂക്കിൽ കീഴാറൂർ വില്ലേജിൽ ചെമ്പൂരിൽ നിർമ്മാണം പൂർത്തിയായ പ്രസ്തുത ഭവനത്തിന്റെ താക്കോൽ ദാനകർമ്മം 2025 ഡിസംബർ 23 ചൊവ്വാഴ്ച്ച ഉച്ചയ്ക്ക് 1.30 ന് സെക്രട്ടേറിയറ്റിന് സമീപം സെന്റ് പീറ്റേഴ്സ് ജാക്കോബൈറ്റ് സിറിയൻ ചർച്ച് ഹാളിൽ വച്ച് ബഹു. പ്രതിപക്ഷ നേതാവ് ശ്രീ. വി. ഡി. സതീശൻ നിർവ്വഹിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.

ഈ സത്കർമ്മത്തിന് സാക്ഷിയാവാൻ എല്ലാ സഹകാരികളെയും സാദരം ക്ഷണിക്കുന്നു.

22.12.2025

ഭരണസമിതിക്ക് വേണ്ടി,
**ഷിബു ഇബ്രാഹിം**
സെക്രട്ടറി



**2025 ഡിസംബർ 23**
**ഉച്ചയ്ക്ക് 1.30 മണിയ്ക്ക്**
**സെന്റ് പീറ്റേഴ്സ് ജാക്കോബൈറ്റ് സിറിയൻ ചർച്ച് ഹാൾ**